# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3436** **14-03-2018 – ൽ മറുപടിയ്ക്ക്**

## അളവ് തൂക്ക വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>" ഡി. കെ. മുരളി<br>" ഒ. ആർ. കേളു<br>" യു. ആർ. പ്രദീപ്: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഉപഭോക്താക്കൾ അളവ് തൂക്കങ്ങളുടെ കാര്യത്തിലും വിലയിലും വ്യാപകമായി വഞ്ചിക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) അളവ് തൂക്ക ഉപകരണങ്ങൾ എല്ലാ വർഷവും പുന:പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തുന്നു. തുടർച്ചയായി മിന്നൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നു. |
| (ബി) റേഷൻകടകൾ, പെട്രോൾ പമ്പുകൾ, പാതയോര കച്ചവട സ്ഥാപനങ്ങൾ, ഗ്യാസ് ഏജൻസികൾ തുടങ്ങിയവയിൽ വ്യാപകമായ അളവ് തൂക്ക വെട്ടിപ്പ് നടക്കുന്നത് കർശനമായി തടയാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) സാധാരണ നടത്തുന്ന പരിശോധനകൾക്ക് പുറമെ മിന്നൽ പരിശോധന നടത്തുന്നു. കൂടാതെ എല്ലാ മാസവും ഓരോ വ്യാപാര മേഖല കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകൾ നടത്തുന്നു. |
| (സി) വിമാനത്താവളം, മൾട്ടിപ്ലക്സുകൾ, ബസ് സ്റ്റാന്റുകളുടെ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ അവശ്യസാധനങ്ങൾക്ക് അന്യായവില ഈടാക്കുന്നത് തടയാൻ നടപടിയെടുക്കുമോ? | (സി) പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്ക് അധിക വില ഈടാക്കുന്നത് തടയുന്നതിന് പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuff (Display of price by catering establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of accounts and display of Price and Stock) എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ